പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2173 07/03/2017-ൽ മറുപടിയ്ക്ക്

## ഒപ്തോമെട്രിസ്റ്റ് തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി.രാജേഷ് | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ വിവിധ ജില്ല, താലൂക്ക്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ എത്ര ഒപ്റ്റോമെട്രസ്റ്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | 6 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ആരോഗ്യ വകുപ്പിൽ ഒഫ്താൽമിക് അസിസ്റ്റന്റ്, റിഫ്രാക്ഷനിസ്റ്റ്, ഓർത്തോപ്റ്റിസ്റ്റ് തസ്തികകൾ ഏകീകരിച്ച് ഒപ്റ്റോമെട്രിസ്റ്റ് എന്ന് നാമകരണം നടത്തി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് മെഡിക്കൽ വിദ്യാഭാസ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല. |
| (സി) | ആരോഗ്യ വകുപ്പിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ എത്ര ഒപ്റ്റോമെട്രിസ്റ്റ് തസ്തികകളാണ് നിലവിലുള്ളത്;വിശദമാക്കാമോ; | (സി) | 31. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>മെഡി. കോളേജ്, തിരുവനന്തപുരം- 12<br>മെഡി. കോളേജ്, കോട്ടയം - 3<br>മെഡി. കോളേജ്, തൃശ്ശൂർ - 4<br>മെഡി. കോളേജ്, ആലപ്പുഴ - 5<br>മെഡി. കോളേജ്, കോഴിക്കോട് - 5<br>മെഡി. കോളേജ്, കൊല്ലം - 2 |
| (ഡി) | ആരോഗ്യ വകുപ്പിലെ വിവിധ | (ഡി) | ലഭ്യമായ പ്രൊപ്പോസലുകൾ |

| | | | |
|---|---|---|---|
| | ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും ഹോമിയോ, ആയുർവ്വേദ മെഡിക്കൽ കോളേജുകളിലും അധിക ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ